# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 507      27/02/2018-ൽ മറുപടിക്ക്

## ആരാധനാലയങ്ങൾക്കുള്ള വൈദ്യുതി കണക്ഷൻ

| | ചോദ്യം<br><br>ശ്രീ. പി. വി. അൻവർ | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | നിലമ്പൂർ മണ്ഡലത്തിലെ കൊന്നമണ്ണ മസ്ജിദ് കമ്മിറ്റി സെക്രട്ടറി പൂന്തുരുത്തി അലവിഹാജി മുതൽ പേർ നൽകിയ നിവേദനം (Ref No. 6589/Vip/Min (Ele)/2017 dated, 06/11/2017 പരിശോധിച്ച് നടപടി സ്വീകരിക്കുമോ, പൊതുസമൂഹത്തിന്റെ ആരാധനാലയങ്ങൾക്കുള്ള വൈദ്യുതി കണക്ഷൻ നൽകുന്നതിന് ദ്രുതഗതിയിൽ നടപടി സ്വീകരിക്കുമോ, വിശദമാക്കാമോ; | (എ) | കൊന്നമണ്ണ മസ്ജിദ് കമ്മിറ്റി സെക്രട്ടറി പൂന്തുരുത്തി അലവി ഹാജിയും ചുങ്കത്തറ ഗ്രാമപഞ്ചായത്ത് എട്ടാം വാർഡ് നിവാസികളും ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ച പരാതിയിൽ (6589/ vip/Min(ELE)/2017 നം) സൂചിപ്പിച്ചിട്ടുള്ള കെട്ടിടം നിലവിലുള്ള മഞ്ചേരി-നിലമ്പൂർ-എടക്കര 66 കെ.വി ലൈനിന്റെ നേരേ കീഴിലായാണ് നിർമ്മിച്ചിട്ടുള്ളത്. പ്രസ്തുത 66 കെ.വി ലൈൻ 110 കെ.വി ആയി ഉയർത്തുന്നതിന്റെ പ്രവൃത്തികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. CEA റെഗുലേഷൻസ് 2010 61 (1) പ്രകാരം കെട്ടിടങ്ങൾ നിലവിലുള്ള, 650 V നു മുകളിലുള്ള, ഓവർഹെഡ് ലൈനുകളുടെ ചുവടെ നിർമ്മിക്കാൻ പാട്ടുള്ളതല്ല. കെട്ടിട നിർമ്മാണത്തിന് ബന്ധപ്പെട്ട ലോക്കൽ ബോഡിയിൽ നിന്നും അനുമതി ലഭിയ്ക്കുന്നതിനായി അപേക്ഷ നൽകുമ്പോൾ ബന്ധപ്പെട്ട ലോക്കൽ ബോഡി, ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ NOC വേണമെന്ന് നിഷ്കർഷിക്കാറുണ്ട്. കെ.എസ്.ഇ.ബോർഡിൽ നിന്നും ലഭിക്കുന്ന ശുപാർശയുടെ മേലെയാണ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്ന് NOC നൽകുന്നത്. പരാതി പരിശോധിച്ചതിൽ പ്രസ്തുത കെട്ടിടത്തിന് |

| | | | | |
|---|---|---|---|---|
| | | | | നമ്പർ ലഭിച്ചതായി മനസ്സിലാക്കുന്നു. എന്നാൽ കെ.എസ്.ഇ.ബോർഡിൽ നിന്നും രേഖാ മൂലം ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിലേയ്ക്ക് NOC ക്കായി ശുപാർശകൾ നൽകിയതായി കാണുന്നില്ല. ആരാധനാലയങ്ങൾക്ക് പുതുതായി വൈദ്യുതി കണക്ഷനുള്ള അപേക്ഷ നൽകുമ്പോൾ അപേക്ഷയോടൊപ്പം മതിയായ രേഖകൾ ഹാജരാക്കുകയും കണക്ഷൻ നൽകുന്നതിന് ആവശ്യമായ നിശ്ചിത തുക ഒടുക്കുന്ന പക്ഷം സമയപരിധിക്കുള്ളിൽ തന്നെ കണക്ഷൻ നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ